(ഡി) പ്രസ്തുത പാലം നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പാലത്തിന്റെ തൂണുകൾ പൂർത്തിയായിട്ടുണ്ട്. ഡെക്ക് സ്ലാബുകൾ നാലെണ്ണം പൂർത്തിയായി.

(ബി) നബാർഡ്

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആകെ 26 സ്പാനുകൾ ഉള്ളതിൽ 3 എണ്ണം റയിൽവേ ചെയ്യാനുള്ളതാണ്. ബാക്കി 23 സ്പാനുകളിൽ കാസ്റ്റ് ചെയ്തു. ഈ ആഴ്ചയിൽ തന്നെ ഉറപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. 19 എണ്ണം ഇനിയും കാസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. മായന്നൂർ സൈഡിലെ അപ്രോച്ച് റോഡ് മെറ്റലിംഗും ടാറിംഗും ഒഴികെ ബാക്കി പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒറ്റപ്പാലം സൈഡിലെ അപ്രോച്ച് റോഡ് പണി ആരംഭിക്കേണ്ടതായിട്ടുണ്ട്.

(ഇ) 12 മാസത്തിനകം പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

പാലക്കാട്-ഒറ്റപ്പാലം-കുളപ്പുള്ളി സ്റ്റേറ്റ് ഹൈവേ

77 [659] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-കുളപ്പുള്ളി സ്റ്റേറ്റ് ഹൈവേ നിർമ്മാണം വളരെ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം മുനിസിപ്പൽ പ്രദേശത്തും വാണിയംകുളം പഞ്ചായത്ത് പ്രദേശത്തുമുള്ള ശുദ്ധജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പാലക്കാട്-ഒറ്റപ്പാലം-കുളപ്പുള്ളി ഹൈവേ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട്-ഷൊർണ്ണൂർ (45.3 കി.മീ) തൃശ്ശൂർ-കുറ്റിപ്പുറം (33 കി. മീ) റോഡുകൾക്ക് മൊത്തം നിർമ്മാണച്ചെലവ് 140 കോടി രൂപയാണ്. പാലക്കാട്-ഷൊർണ്ണൂർ റോഡിന് മാത്രമായി ഉദ്ദേശം 80 കോടി രൂപ വേണ്ടിവരും.

(സി) ഉണ്ട്. റോഡുപണിയെ ബാധിക്കാത്ത വിധത്തിലും ഓടയുടെ സ്ഥാനം അതിർത്തിയിലേക്ക് മാറ്റിയും അത്യാവശ്യമായ പൈപ്പുകൾ മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 2006 മാർച്ചിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷൻ

78 [660] *ശ്രീ. വി.സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2005-2006-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാരിന്റെ ഒരു വർഷത്തെ പരിപാടിയിൽ ഒറ്റപ്പാലം മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ഇല്ല.

(ഡി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

GPM. 2/574/2012—16

LIBRARY ARCHIVES Kerala Legislative Assembly